(ഇ) സ്ഥാപിക്കപ്പെട്ട ഉപകരണങ്ങൾ സമയാസമയങ്ങളിൽ പരിപാലിക്കപ്പെടാത്തതു കാരണം പ്രവർത്തനരഹിതമായിട്ടുണ്ടോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) പ്രകൃതി ദുരന്തങ്ങൾ മുൻകൂട്ടി അറിയുന്നതിന് മഴ മാപിനികൾ, ഭൂകമ്പ മാപിനികൾ തുടങ്ങിയവ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഉണ്ട്, വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൃശ്ശൂർ, തിരുവനന്തപുരം ജില്ലകളിൽ സ്ഥാപിച്ചിരുന്ന 3 VHF ഉപകരണങ്ങൾ നഷ്ടപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്. തൃശ്ശൂർ, തിരുവനന്തപുരം ജില്ലകളിൽ ഇത് സംബന്ധിച്ച് ഓരോ പോലീസ് കേസ് വീതം രജിസ്റ്റർ ചെയ്തിട്ടുണ്ട്. തിരുവനന്തപുരത്ത് ഇതുസംബന്ധിച്ച് മറ്റൊരു കേസിൽ ബന്ധപ്പെട്ട തഹസിൽദാരോട് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) സ.ഉ. (ആർ‌റ്റി) നമ്പർ 1627/2015/ഡി.എം.ഡി. തീയതി 27-3-2015 പ്രകാരം 3.9 കോടി രൂപ ഭൂകമ്പമാപിനികൾക്കും അനുബന്ധ സംവിധാനങ്ങൾക്കുമായി സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. ഇവയ്ക്ക് പുറമേ 94.15 ലക്ഷം രൂപ ചെലവിൽ വിവിധ ആധുനിക ദുരന്ത സാദ്ധ്യത അപഗ്രന്ഥം നടത്തുന്നതിനാവശ്യമായ സംവിധാനം സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 5.96 കോടി രൂപ ചെലവിൽ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന്റെ വിവര വിശകലന സംവേദന സാങ്കേതികവിദ്യ തയ്യാറാക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്.

(ഇ) ഇല്ല.

സീറോ ലാൻഡ്‌ലസ്സ് പദ്ധതി

9 (*399) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യയ്ക്കാകെ മാതൃകയായി സീറോ ലാൻഡ്‌ലസ്സ് പദ്ധതി നടപ്പാക്കിയതിലൂടെ ജനങ്ങൾക്കുണ്ടായ നേട്ടങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഭൂമി സംബന്ധമായി റവന്യൂ വകുപ്പിൽ നിലനിൽക്കുന്ന പരാതികൾ പരിഹരിക്കുന്നതിനും കൂടുതൽ അർഹതപ്പെട്ടവർക്ക് 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിനും നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) സ്വന്തമായി ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് വീട് വയ്ക്കുന്ന ആവശ്യത്തിലേക്കായി മൂന്ന് സെന്റ് ഭൂമി വീതം പതിച്ച് കൊടുത്തുകൊണ്ട് കേരളത്തെ ഭൂരഹിതമായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015'. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ തന്നെ 14 ജില്ലകളിലുമായി 36491 കുടുംബങ്ങൾക്ക് ഭൂമി അനുവദിക്കാൻ കഴിഞ്ഞിട്ടുണ്ട്. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമി നൽകുന്നതിനും പ്രസ്തുത ജില്ലകളെ ഭൂരഹിതരില്ലാത്ത ജില്ലകളാക്കി ഉയർത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത പദ്ധതി മുഖേന, ഭൂരഹിതരായ കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമി ലഭ്യമാക്കുന്നതിലൂടെ, സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഇവരെ ഉയർത്തിക്കൊണ്ട് വരുന്നതിന് സാധിക്കുമെന്നുള്ളത് പ്രധാന നേട്ടമായി കാണുന്നു.

(ബി) പദ്ധതിയുടെ ഒന്നാം ഘട്ടം കഴിഞ്ഞപ്പോൾ അർഹരായവർക്കെല്ലാം അപേക്ഷ നൽകാൻ കഴിഞ്ഞില്ലായെന്ന് ബോദ്ധ്യപ്പെട്ടതിനാൽ 1-2-2014 മുതൽ 31-3-2014 വരെയുള്ള രണ്ട് മാസക്കാലം അപേക്ഷ സമർപ്പിക്കുന്നതിന് സമയപരിധി അനുവദിച്ചു. ഈ കാലയളവിൽ ലഭ്യമായ അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്. കൂടാതെ ബഹുമാനപ്പെട്ട റവന്യൂ വകുപ്പു മന്ത്രിയുടെ ജില്ലാതല റവന്യൂ സർവ്വേ അദാലത്തുകളിലും, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പൊതുജനസമ്പർക്ക പരിപാടിയിലും (കരുതൽ 2015) ലഭ്യമായ അപേക്ഷകൾ കൂടി പദ്ധതിയിലേക്ക് പരിഗണിക്കുന്നതിനായി 20-6-2015-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമി നൽകാനുള്ള നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly